പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1866

14.07.2011 - ൽ മറുപടിക്ക്

## സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ മരുന്ന് ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാപ്രകാശം | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആകെ എത്ര മെഡിക്കൽ കോളേജ് ആശുപത്രികൾ ഉണ്ട്; | (എ) സംസ്ഥാനത്ത് അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളാണുള്ളത്. |
| (ബി) ഇവിടെ എത്തുന്ന പാവപ്പെട്ട രോഗികൾക്ക് വിലപിടിപ്പുള്ള മരുന്നുകൾ ആവശ്യമായി വരുമ്പോൾ അവ ഈ ആശുപത്രികളിലെ സ്റ്റോറിൽ ലഭ്യമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) സർക്കാർ ആശുപത്രികളിൽ സൗജന്യമായി വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയിട്ടുള്ള അവശ്യ മരുന്നുകളുടെ പട്ടികയിൽ (Essential Drug List) ഉൾപ്പെടുത്തിയിട്ടുള്ള മരുന്നുകളും സാമഗ്രികളും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭിക്കുന്ന വാർഷിക ഇൻഡന്റുകളുടെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ ജില്ലാ വെയർ ഹൗസുകൾ വഴി മെഡിക്കൽ കോളേജുകളിൽ വിതരണം ചെയ്യുന്നുണ്ട്. വിലപിടിപ്പുള്ള മരുന്നുകൾ കോർപ്പറേഷൻ വിതരണം ചെയ്യുന്നില്ല. വിലകൂടിയതും ബ്രാൻഡഡ് ഇനത്തിൽ പെട്ടതുമായ മരുന്നുകൾ കോർപ്പറേഷൻ നേരിട്ട് നിർമ്മാതാക്കളിൽ നിന്നും സംഭരിച്ച് ഒരു വില്പന കൗണ്ടർ മുഖേന മിതമായ വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിന്റെ സാധ്യതയെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ മാനേജ്മെന്റ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അന്തിമ തീരുമാനം എടുക്കുന്നതാണ്. |
| (സി) എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. വിശദാംശങ്ങൾ വ്യക്തമാക്കുമോ? | |

| | |
| --- | --- |
| | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ മെഡിക്കൽ സ്റ്റോറുകളിൽ ഡിസ്ട്രിബ്യൂഷൻ, സ്റ്റോക്ക് എന്നിവ ഉൾപ്പെടെ രേഖപ്പെടുത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഒരു സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. ഇതുവഴി മരുന്നുകൾ അധികമായി സ്റ്റോക്ക് ചെയ്യുന്നതിനും സ്റ്റോക്കിലെ കുറവ് ഒഴിവാക്കി മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുവാനും സാധിക്കും. |

സെക്ഷൻ ആഫീസർ